# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 30, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |

### മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി

*301 ശ്രീ. പി. തിലോത്തമൻ
'' സി. ദിവാകരൻ
'' ജി. എസ്. ജയലാൽ
'' കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ എത്ര പ്രാവശ്യം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് എത്ര ലിറ്റർ മണ്ണെണ്ണ സബ്സിഡി നിരക്കിൽ ഇപ്പോൾ നല്കുന്നുണ്ട്;

(സി) സബ്സിഡി നിരക്കിൽ നല്കുന്ന മണ്ണെണ്ണ മത്സ്യ ബന്ധനത്തിന് തികയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്വാട്ട വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എന്നു മുതൽ വർദ്ധിപ്പിച്ച ക്വാട്ട നല്കി തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

വനം കൊള്ളക്കാരെ നേരിടുന്നതിന് പരിശീലനം

*302 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുധധാരികളായ വനം കൊള്ളക്കാരെ നേരിടുന്നതിന് വനം വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) എന്തെല്ലാം ആധുനിക ആയുധങ്ങളാണ് വനം വകുപ്പിന് സ്വന്തമായുള്ളത് ;

(സി) വനം വകുപ്പ് ജീവനക്കാർക്ക് പ്രസ്തുത ആയുധങ്ങൾ ഉപയോഗിക്കുന്നതിന് ട്രെയിനിംഗ് നൽകാറുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പാകിസ്ഥാൻ ചാര സംഘടനയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ നടപടി</u>

*303 ശ്രീ. ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ചന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാകിസ്ഥാൻ ചാരസംഘടനയുടെ എന്തെങ്കിലും പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; ഇത് നിരീക്ഷിക്കാനുള്ള സംവിധാനങ്ങളേയും ശ്രദ്ധയിൽപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളെയും വഴിവിട്ട ബന്ധങ്ങളെയും കുറിച്ച് വിശദമാക്കാമോ;

(ബി) പാകിസ്ഥാൻ ചാരസംഘടനയായ ഐ. എസ്. ഐയുടെ ഏജന്റ് സംസ്ഥാനത്തുനിന്നുള്ള ഒരു കേന്ദ്രമന്ത്രിയുമായി ബന്ധപ്പെടുന്നതായുള്ള ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുള്ളതായി അറിയാമോ; സംസ്ഥാനത്ത് ഫെയ്സ്ബുക്കും ട്വിറ്ററും ഉപയോഗിക്കുന്നവർ ഉൾപ്പെടെയുള്ളവരെ നിരന്തരം നിരീക്ഷിക്കുന്ന സംസ്ഥാന പോലീസ് വിഭാഗം ഇതു സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; സർക്കാർ സ്വീകരിച്ച നടപടി എന്താണ്; വ്യക്തമാക്കാമോ;

(സി) സംസ്ഥാന പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന രാജ്യദ്രോഹ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം കേന്ദ്ര ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

<u>കഞ്ചാവ് - മയക്കുമരുന്ന് സംഘങ്ങളെ നിർമ്മാർജ്ജനം ചെയ്യൽ</u>

*304 ശ്രീ. എളമരം കരീം
,, കാലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് - മയക്കുമരുന്ന് സംഘങ്ങൾ വീണ്ടും സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ലെന്നറിയാമോ;

(ബി) കഞ്ചാവും മയക്കുമരുന്നുകളും പ്രവഹിക്കുന്ന കേന്ദ്രങ്ങളെ നിരീക്ഷിക്കുന്നുണ്ടോ; കഞ്ചാവ് കൃഷി സംസ്ഥാനത്ത് എവിടെയെങ്കിലും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കഞ്ചാവ് - മയക്കുമരുന്ന് വിപണനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് നിർബാധം പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഇല്ലാതാക്കാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം</u>

*305 ശ്രീ. റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്; വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സെക്രട്ടേറിയറ്റുൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും സർവ്വീസിൽ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ്; സ്ഥിരപ്പെടുത്താൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്; എത്ര ദിവസത്തിലധികം തുടർച്ചയായ സർവ്വീസുള്ളവരെയാണ് സ്ഥിരപ്പെടുത്തിയിരിക്കുന്നത്; ഇതിനായി പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) 2013 നവംബർ 20 ന് ചേർന്ന മന്ത്രിസഭായോഗം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; എന്ത് മാനദണ്ഡ പ്രകാരമാണ് ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സ്ഥിരപ്പെടുത്താൻ ഉത്തരവിറങ്ങുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത</u>

*306 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോഡേണൈസേഷൻ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും, അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ പിന്നോക്കാവസ്ഥ തുടരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മോഡേണൈസേഷന് ഇതുവരെ ചെലവഴിച്ച തുകയുടെയും, അതിൽ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനു ചെലവിട്ട തുകയുടെയും ഉദ്യോഗസ്ഥർക്ക് കാറുകൾ വാങ്ങാൻ ചെലവിട്ട തുകയുടെയും വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്

*307 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം നടത്തിയവർ ദേശവിരുദ്ധശക്തികളും ക്രിമിനലുകളുമാണോ എന്നന്വേഷിക്കാൻ പ്രധാനമന്ത്രി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി ആവശ്യപ്പെട്ട പ്രത്യേക പാക്കേജ് എന്തായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മുത്തുച്ചിപ്പികൃഷി</u>

*308 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ മുത്തുച്ചിപ്പികൃഷി നടപ്പാക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) തീരദേശത്ത് ഇതിന് അനുയോജ്യമായ പ്രദേശങ്ങൾ ഏതെല്ലാമെന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മുത്തുച്ചിപ്പികൃഷി മത്സ്യബന്ധന മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും എന്തൊക്കെ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥര്‍ രാഷ്ട്രീയ പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുന്നത് തടയുന്നതിനുള്ള നടപടികള്‍</u>

*309 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭരണഘടനയ്ക്കനുസൃതമായി നിലവിലുള്ളതും, കാലാകാലങ്ങളില്‍ നിര്‍മ്മിക്കുന്നതുമായ നിയമങ്ങള്‍ക്കനുസരിച്ചുള്ള ഉത്തരവാദിത്തങ്ങള്‍ നിഷ്പക്ഷമായി നിര്‍വ്വഹിക്കാതെ ഒരു വിഭാഗം ഉദ്യോഗസ്ഥര്‍ കക്ഷിരാഷ്ട്രീയത്തിലിടപെടുന്നത് തടയാന്‍ എന്തൊക്കെ മുന്‍കരുതലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരുള്‍പ്പെടെയുള്ള ഉദ്യോഗസ്ഥര്‍ രാഷ്ട്രീയ പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുന്നതായ ആക്ഷേപവും അതുവഴി ജനങ്ങള്‍ക്ക് നീതിയും, സംരക്ഷണവും ലഭിക്കുന്നതിന് തടസ്സമാവുന്നുവെന്ന കാര്യവും ഗൗരവപൂര്‍വ്വം പരിഗണിക്കുമോ ; വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തില്‍ പൊതുധാരണ ഉണ്ടാക്കുന്നതിനും, പെരുമാറ്റചട്ടമുണ്ടാക്കി കര്‍ശനമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

ജെ. എൻ. എൻ. യു. ആർ. എം. ബസ് സർവ്വീസുകൾ

*310

ശ്രീ. സാജു പോൾ
,, വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. എൻ. എൻ. യു. ആർ. എം. പദ്ധതിയിൽ അനുവദിച്ച ബസ്സുകളുടെ സർവ്വീസുകൾ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സ്കീം പ്രകാരം എത്ര ബസ്സുകളാണ് സംസ്ഥാനത്തിന് അനുവദിച്ചത്; ഇതിൽ എത്ര എണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്;

(സി) യഥാസമയം ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കൊച്ചിയിൽ അനുവദിച്ച ബസ്സുകളിൽ വലിയ ശതമാനം സർവ്വീസ് നടത്തിയില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൊച്ചിനഗരത്തിന് അനുവദിച്ച ബസ്സുകൾ സർവ്വീസ് നടത്താത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസിൽ സത്യവാങ്മൂലം നൽകുവാൻ കോടതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുവരെയായി സത്യവാങ്മൂലം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) പുതുതായി കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി കെ. എസ്. ആർ. ടി. സി.ക്കു തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനം തടയാൻ നടപടി</u>

*311

ശ്രീ. എ. എം. ആരിഫ്
,, ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനം സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഗതാഗത നിയമ ലംഘനങ്ങളോടുകൂടിയ രംഗങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള സിനിമ പ്രദർശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതായി അറിയാമോ;

(ഡി) നിയമലംഘനങ്ങൾ നടത്തുന്ന എല്ലാവർക്കും നിയമം ഒരുപോലെ ബാധകമാണെന്ന് ഉറപ്പാക്കുമോ; ശ്രീ. രാഹുൽഗാന്ധിയും ഏതാനും പേരും കായംകുളം - പുനലൂർ സംസ്ഥാന പാതയിൽ ഗതാഗത നിയമം ലംഘിച്ച് പോലീസ് വകുപ്പിന്റെ വാഹനത്തിന് മുകളിൽ കയറി സവാരി നടത്തിയതിനെതിരെ നിയമാനുസൃതമായ കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധമായി എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ; അതിന്മേൽ സ്വീകരിച്ച നിയമാനുസൃത നടപടി എന്തായിരുന്നു;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

(എഫ്) വാഹനത്തിന് മുകളിൽ കയറിയിരുന്ന പാർലമെന്റ് അംഗം അതീവ സുരക്ഷാ സംരക്ഷണ വിഭാഗത്തിൽപ്പെട്ടതാണോ; എങ്കിൽ അദ്ദേഹത്തിന്റെ കാര്യത്തിലുണ്ടായ സുരക്ഷാവീഴ്ചകൾ എന്തെല്ലാമായിരുന്നു;

(ജി) എങ്കിൽ അതിനുത്തരവാദികൾ ആരെല്ലാമാണ്; സംസ്ഥാന ആഭ്യന്തരമന്ത്രി പ്രസ്തുത സംഘത്തോടൊപ്പം ഉണ്ടായിരുന്നുവോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ഭരണച്ചെലവും ആർഭാടങ്ങളും കുറക്കാൻ നടപടി

*312 ശ്രീ. ജി. സുധാകരൻ
,, എ. പ്രദീപ്കുമാർ
,, വി. ചെന്താമരാക്ഷൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണച്ചെലവും ആർഭാടങ്ങളും കുറക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇതിനായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ ;

(സി) മന്ത്രിമാരുടെയും മന്ത്രിപദവിയുള്ളവരുടെയും എണ്ണത്തിലുണ്ടായ വർദ്ധന ചെലവ് വർദ്ധിപ്പിക്കുകയുണ്ടായോ ; ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും പദവിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾ കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യത</u>

*313 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. അബ്ദുൾ ഖാദർ
,, ബി. സത്യൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാഹ്യ ഇടപെടലുകൾ വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യതയെ ബാധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജിലൻസ് കേസ് അന്വേഷണഘട്ടങ്ങളിൽ വിവരങ്ങൾ സർക്കാർ തേടുന്നതും, വിവരങ്ങൾ സർക്കാരിന് നൽകുന്നതും, അന്വേഷണവിവരങ്ങൾ ചോരുന്നതും സമ്മർദ്ദങ്ങൾക്കിടയാക്കുന്നതും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്വേഷണഘട്ടങ്ങളിൽ അന്വേഷണവിവരം തേടാതിരിക്കാനും അന്വേഷണത്തിൽ ഇടപെടാതിരിക്കാനും സന്നദ്ധമാകുമോ;

(ഡി) വിജിലൻസ് കേസ് അന്വേഷണങ്ങൾ സ്വതന്ത്രവും നീതിപൂർവ്വവുമായിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഇ) നിലവിലുള്ള മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന വിജിലൻസ് കേസുകൾ ഓരോന്നായി അന്വേഷിച്ച് കേസ് തള്ളിക്കളയുന്നു എന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ആറൻമുള വിമാനത്താവള പദ്ധതി നിർമ്മാണത്തിനുള്ള മുൻകരുതലുകൾ</u>

*314 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിക്ക് പ്രാഥമിക നടപടികൾ ആരംഭിച്ചത് എന്നാണ്, മുൻസർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പരിസ്ഥിതിക്കും, സമീപവാസികൾക്കും ദോഷകരമാവാത്ത വിധം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ മുൻ കരുതലുകളാണ് പദ്ധതി നിർമ്മാണ കമ്പനിയും സർക്കാരും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

**സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

*315 ശ്രീ. ജി. എസ്. ജയലാൽ
,, വി. എസ്. സുനിൽകുമാർ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശനിയമം പ്രഖ്യാപിച്ചതെന്നാണ്;

(ബി) ഏതെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കി എല്ലാ വകുപ്പുകളും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സേവനാവകാശനിയമം അനുസരിച്ചുള്ള സേവനങ്ങൾ ഇനിയും ജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

## ഡീസൽ വിലവർദ്ധനവ് മൂലം
## കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ പ്രതിസന്ധി

*316 ശ്രീ. പി. റ്റി. എ. റഹീം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കെ. സദാശിവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന അമിത വർദ്ധനവു മൂലം കെ.എസ്.ആർ.ടി.സി.യിൽ നിലനില്ക്കുന്ന പ്രതിസന്ധി അതിജീവിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ഈ നടപടികൾ മൂലം കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ സുഗമമാക്കുന്നതിന് സാധിച്ചതായി സർക്കാർ കരുതുന്നുണ്ടോ;

(സി) പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചു സർക്കാർ കത്തു നല്കുകയുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാടെന്തായിരുന്നു; വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാൻ ഈ സർക്കാർ എന്തെല്ലാം സാമ്പത്തിക സഹായമാണ് കെ.എസ്.ആർ.ടി.സി.ക്ക് നൽകിയത്;

(ഇ) സർക്കാർ കൂടുതൽ ധനസഹായം നൽകി കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറക്കുന്നത് മൂലം ഉണ്ടാകുന്ന പൊതുഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

വിലക്കയറ്റം നിയന്ത്രിക്കുന്നതിനു നടപടി

*317 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വിലക്കയറ്റം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ആയിരത്തിനാനൂറിലധികം കേന്ദ്രങ്ങളിൽ സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ ജനങ്ങൾ നിരാഹാരസമരത്തിലേർപ്പെട്ടിരിക്കുന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജനങ്ങളുടെ ജീവൽപ്രശ്നത്തെ മുൻനിർത്തി നടക്കുന്ന ജനകീയസമരത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) വിലക്കയറ്റത്തിനിടയാക്കിയ കേന്ദ്രസർക്കാരിന്റെ നയസമീപനങ്ങളിൽ മാറ്റം വരുത്താൻ സംസ്ഥാനസർക്കാർ ഏതെല്ലാം നിലയിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി; കേന്ദ്ര ഭക്ഷ്യമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരുമായി ആശയവിനിമയം നടത്തുകയുണ്ടായോ;

(ഡി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ വിലക്കയറ്റം നേരിടാൻ കേന്ദ്രം പ്രത്യേകസഹായം അനുവദിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ മുന്നോട്ടുവെച്ച ആവശ്യം എന്തായിരുന്നു?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അനധികൃത കൈമാറ്റം</u>

*318 ശ്രീ. എം. ചന്ദ്രന്‍
,, വി. ചെന്താമരാക്ഷന്‍
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച് തൃശൂര്‍ വിജിലന്‍സ് കോടതി നിര്‍ദ്ദേശിച്ചതനുസരിച്ച് നടന്ന അന്വേഷണത്തിന്റെ റിപ്പോര്‍ട്ട് വനം വകുപ്പ് പരിശോധിക്കുകയുണ്ടായോ;

(ബി) തോട്ടങ്ങളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച ആക്ഷേപങ്ങള്‍ ശരിയായിരുന്നുവെന്ന് അന്വേഷണത്തില്‍ തെളിഞ്ഞിട്ടുണ്ടോ;

(സി) വിജിലന്‍സ് അന്വേഷണത്തിലൂടെ തെളിയിക്കപ്പെട്ട വസ്തുതകള്‍ വിശദമാക്കാമോ;

(ഡി) പാട്ടക്കരാര്‍ ലംഘനം നടത്തിയവരുടെ തോട്ടങ്ങള്‍ ഏറ്റെടുക്കാന്‍ മുന്‍ എല്‍.ഡി.എഫ്. സര്‍ക്കാര്‍ സ്വീകരിച്ച നടപടികളുടെ തുടര്‍ച്ചയായി തോട്ടഭൂമി ഒരിഞ്ചുപോലും നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിന്റെ ദൗർലഭ്യം</u>

*319 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടൽ തീരങ്ങളിലും മറ്റ് ജലാശയങ്ങളിലും മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നത് ഗൗരവതരമായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കടൽമത്സ്യ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ടോ; പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന തൊഴിലിൽ നിന്നുള്ള ആദായം അനുദിനം കുറഞ്ഞു കൊണ്ടിരിക്കുകയാണോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനുള്ള നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകൾ</u>

*320 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. എ. ബേബി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ലെ യു.എൻ പബ്ലിക് സർവ്വീസ് അവാർഡിനായി മുഖ്യമന്ത്രിയുടെ ഓഫീസിനെ ഏത് രീതിയിലാണ് ചീഫ് സെക്രട്ടറി നോമിനേഷൻ നൽകിയത്; ആയതിന് മന്ത്രിസഭയുടെ അംഗീകാരം ഉണ്ടായിരുന്നുവോ;

(ബി) യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനുള്ള നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിലെ ചട്ടം 2, 2.1 എന്നിവ എന്താണെന്ന് വിശദമാക്കുമോ;

(സി) സർക്കാരോ സംഘടനകളോ വ്യക്തികളോ ചെയ്യുന്ന പൊതുപ്രവർത്തന മികവിനാണ് അവാർഡ് നൽകുന്നതെന്ന് ഏതെങ്കിലും ഭാഗത്ത് വ്യക്തമാക്കുന്നുണ്ടോ;

(ഡി) വ്യക്തിപരമായ മികവിനല്ല, വിവിധ പദ്ധതികൾക്കാണ് അവാർഡ് നൽകുന്നതെന്ന വിശദീകരണം യു.എൻ. അധികാരികൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ചട്ടം 2.1 അനുസരിച്ച് മൂന്നാം കക്ഷിക്ക് മാത്രമേ യു. എൻ അവാർഡിനായി നോമിനേഷൻ നടത്താൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(എഫ്) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ഓഫീസുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ജി) നോമിനേഷൻ നൽകുന്ന മൂന്നാം കക്ഷിക്ക് നോമിനേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനവുമായി അദ്ധ്യക്ഷാധിപത്യപരമായ ബന്ധം (hierarchical relationship) പാടില്ല എന്ന വ്യവസ്ഥ അറിവുള്ളതാണോ;

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

(എച്ച്) ജനസമ്പർക്ക പരിപാടിയുടെ പൂർണ്ണ ചുമതലക്കാരനായ ചീഫ് സെക്രട്ടറിയെക്കൊണ്ട് നോമിനേഷൻ നൽകിച്ചത് നിയമവിരുദ്ധമാണോ; എങ്കിൽ വിശദമാക്കാമോ; ഈ സർക്കാർ പരിപാടിയുടെ കാര്യത്തിൽ ചീഫ് സെക്രട്ടറി മൂന്നാം കക്ഷിയാവുന്നത് ഏത് നിലയിലാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ശബരിമലയിൽ തീർത്ഥാടകർക്കു നേരെ പോലീസ് അതിക്രമം

*321 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ തീർത്ഥാടകർക്കു നേരെ പോലീസ് അതിക്രമം നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ പ്രതിഷേധിച്ച് തീർത്ഥാടകർ റോഡ് ഉപരോധിച്ചിട്ടുള്ളതായി അറിയാമോ;

(ബി) തീർത്ഥാടകരെ നിയന്ത്രിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളും അതിക്രമവും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; സർക്കാരിന് ലഭിച്ച പോലീസ് റിപ്പോർട്ടു സംബന്ധിച്ച് വിശദമാക്കാമോ; തീർത്ഥാടകർക്ക് ഉണ്ടായ പോലീസ് മർദ്ദനത്തെപ്പറ്റി വിശദമാക്കുമോ;

(സി) തിരക്ക് നിയന്ത്രിക്കുന്നതിൽ വീഴ്ച വരുത്തിയ തീർത്ഥാടകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ഡി) ഈ പ്രശ്നത്തിൽ കേരള ഹൈക്കോടതി സർക്കാരിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

ഐ എ എസ്, ഐ പി എസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ

*322 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കേഡറിലുള്ള ഐ എ എസ്, ഐ പി എസ് ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരളത്തിന് പുറത്ത് ജോലി ചെയ്യുവാനുള്ള പ്രവണത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അതുവഴി ഒന്നിലധികം വകുപ്പുകളുടെ ചുമതല ഒരു ഉദ്യോഗസ്ഥൻ വഹിക്കേണ്ടി വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പ്രസ്തുത സാഹചര്യം വഴി ഉണ്ടാകുന്ന കാര്യക്ഷമതക്കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*323 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും അടിയന്തരമായി പരിഹരിക്കുന്നതിനും നിലവിലുള്ള ഭരണക്രമം പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുമ്പോൾ അത് സംബന്ധിച്ച ഫയൽ മൂവ്മെന്റിന്റെ സംക്ഷിപ്തം കൂടി അപേക്ഷകർക്ക് നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദമാക്കാമോ;

(സി) ഓഫീസുകളിൽ മികച്ച സേവനം നൽകുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക ഇൻക്രിമെന്റും ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പി.എസ്.സി. പരീക്ഷകളിലെ നെഗറ്റീവ് മാർക്ക്

*324 ശ്രീ. പി.എ. മാധവൻ
,, ഹൈബി ഈഡൻ
,, വി.പി. സജീന്ദ്രൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകളിൽ നെഗറ്റീവ് മാർക്ക് കണക്കാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി പുതിയ സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>അപകടമരണങ്ങൾ തടയുന്നതിന് നടപടി</u>

*325 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടമരണങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് കോളേജ് തലത്തിൽ വ്യാപകമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വന്യജീവി സങ്കേതങ്ങളിലൂടെയുള്ള രാത്രിയാത്ര</u>

*326 ശ്രീ. പി. കെ. ബഷീര്‍
,, റ്റി. എ. അഹമ്മദ് കബീര്‍
,, സി. മോയിന്‍കുട്ടി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വന്യജീവി സങ്കേതങ്ങളിലൂടെയുള്ള രാത്രിയാത്ര സംബന്ധിച്ച് വന്യജീവി ബോര്‍ഡ് ഈയിടെ കേന്ദ്ര സര്‍ക്കാരില്‍ സമര്‍പ്പിച്ച ശുപാര്‍ശയിലെ വിവരങ്ങള്‍ സര്‍ക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, ഈ ശുപാര്‍ശകള്‍ സംസ്ഥാനത്തെ വന്യജീവി കേന്ദ്രങ്ങളിലൂടെയുള്ള യാത്രയേയും മറ്റു പ്രവൃത്തികളെയും ഏത് വിധത്തില്‍ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദ വിവരം നല്‍കാമോ;

(സി) ശുപാര്‍ശകളുടെ വിവരം ലഭിച്ചിട്ടില്ലെങ്കില്‍ അതു എത്രയും വേഗം ലഭ്യമാക്കാനും, വിശദമായി പരിശോധിക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

വിമാനത്താവളങ്ങൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

*327 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര വിമാനത്താവളങ്ങൾക്ക്, നിർമ്മാണത്തിനായുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം; വിശദമാക്കുമോ;

(ബി) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ തെറ്റായ വിവരങ്ങൾ നൽകി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുത്തിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിമാനത്താവള നിർമ്മാണത്തിനു വേണ്ടിയാണ് ഇപ്രകാരം അനുമതി നേടിയെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) തെറ്റായ വിവരങ്ങൾ നൽകി അനുമതി നേടിയെടുത്തവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം</u>

*328 ശ്രീ. എം. ഹംസ
,, പി. ശ്രീരാമകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം സമയബന്ധിതമായി അർഹരായവർക്ക് ലഭ്യമാക്കും വിധം കാലോചിതമായ മാനദണ്ഡത്തിന് രൂപം നൽകാൻ തയ്യാറാകുമോ; ഈ അധികാരവും ഫണ്ടും വികേന്ദ്രീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതിന് ശരാശരി എത്ര ദിവസത്തെ കാലതാമസം നേരിടുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിക്ക് ഓഫീസിൽ നേരിട്ട് നൽകിയിട്ടും ധനസഹായം ലഭിക്കാത്ത അപേക്ഷകർക്ക് ജനസമ്പർക്ക പരിപാടിയുടെയും മറ്റും ഭാഗമായി സഹായം അനുവദിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക യഥാസമയം നൽകാതിരുന്നതിനോ, ഉത്തരവ് നടപ്പാക്കാത്തതിന്റെ പേരിലോ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ

*329 ശ്രീ. എം. എ. വാഹീദ്
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) നഗരങ്ങളിൽ എവിടെയൊക്കെയാണ് ഇത്തരം ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും പ്രസ്തുത സംവിധാനം എത്രമാത്രം സഹായകമാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസിൽ സി.ബി.ഐ. അന്വേഷണം

*330 ശ്രീ. ബാബു എം. പാലിശ്ശേരി
,, ബി. സത്യൻ
,, എ. പ്രദീപ്കുമാർ
,, എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ശ്രീ. സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കാത്തതിനെതിരെ ഹൈക്കോടതി പ്രത്യേകവിമർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ശ്രീ. സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പുകേസുകൾ പരിഗണിക്കുന്ന വേളയിൽ ഹൈക്കോടതി ഇപ്രകാരം സർക്കാരിനെതിരെ നടത്തിയിട്ടുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഗുരുതരമായ ഗൂഢാലോചന നടന്നുവെന്ന് കോടതി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ കേസ് സി.ബി.ഐ.യെ കൊണ്ടന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 21.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].